"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - സംസ്ഥാനത്തെ അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ത്രൈമാസ പരിശോധന നടത്തുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് നിർദ്ദേശം നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.153/2026/WCDD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ 08/07/2021 ലെ 15(31)2020/FoSCoS/RCD/FSSAI നമ്പർ ഉത്തരവ്
2. കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ 12/09/2022 ലെ SNP Rules 2022
3. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ 13/01/2023ലെ 15(31)2020/FoSCoS/RCD/FSSAlpt-Part(1) നമ്പർ ഉത്തരവ്
4. ഭക്ഷ്യസുരക്ഷ കമ്മീഷണറുടെ 25/01/2024 തീയതിയിലെ സി എഫ് എസ് 6923/2021-B2 നമ്പർ കത്ത്.
5. വനിത ശിശു വികസന ഡയറക്ടറുടെ 11/02/2025, 02/01/2026 തീയതികളിലെ DWCD/1532/2024-ICDSB9 നമ്പർ കത്ത്.

**ഉത്തരവ്**

അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിലൂടെ 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് നൽകിവരുന്ന അമൃതം ന്യൂട്രിമിക്സ് സംസ്ഥാനത്തെ കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരമാണ് നിർമ്മിക്കുന്നത്. ന്യൂട്രിമിക്സിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന്റെ ഭാഗമായി FSSAI രജിസ്ട്രേഷൻ ഉള്ള NABL Accredited ലാബുകളിൽ പരിശോധന നടത്തുന്നതിന് കേന്ദ്ര സർക്കാർ നിഷ്കർച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടികളിലൂടെ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സ് , ഫുഡ് സേഫ്റ്റി വകുപ്പിന് കീഴിലെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികളിൽ

പരിശോധിച്ച് വരുന്നു.

(2) അമൃതം പൂരക പോഷകാഹാരം എല്ലാ മാസവും ഗവൺമെന്റ് ലാബിൽ ടെസ്റ്റ് ചെയ്ത് റിപ്പോർട്ട് ഹാജരാക്കിയ ശേഷം മാത്രം ഫുഡ് സപ്ലൈ നടത്തിയാൽ മതിയെന്ന് സി ഡി പി ഒ മാർ കർശന നിർദ്ദേശം നൽകുന്നുവെന്നും 6 മാസത്തിൽ ഒരിക്കൽ ടെസ്റ്റ് നടത്തിയാൽ മതിയെന്ന FSSAI ഓർഡർ നിലനിൽക്കെ 6000 രൂപ ഫീ അടച്ചു ഓരോ മാസവും ടെസ്റ്റ് ചെയ്യേണ്ടി വരുന്നത് കടുത്ത സാമ്പത്തിക പ്രതിസന്ധിയ്ക്കും യൂണിറ്റുകളുടെ പ്രവർത്തനത്തെയും സാരമായി ബാധിക്കുന്നതായും നിരവധി പരാതികൾ ലഭിക്കുന്നെന്നും വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം(5) പ്രകാരം അറിയിച്ചിട്ടുണ്ട് .

(3) കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ നിർദ്ദേശമനുസരിച്ച് ഭക്ഷ്യ മാനുഫാക്ച്ചറിങ് യൂണിറ്റുകളുടെ ലാബ് ടെസ്റ്റ് റിപ്പോർട്ട് ഓരോ ആറു മാസത്തിലും FosCos പോർട്ടലിൽ അപ്-ലോഡ് ചെയ്യേണ്ടതുണ്ടെന്നും, കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റുകൾ തങ്ങളുടെ ഉൽപ്പന്നങ്ങളുടെ ലാബ് ടെസ്റ്റ് റിപ്പോർട്ട് ആറു മാസം കൂടുമ്പോൾ അപ്-ലോഡ് ചെയ്യേണ്ടതാണെന്നും ഭക്ഷ്യസുരക്ഷാ കമ്മീഷണർ പരാമർശം(4) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പരാമർശം (1) , (3) പ്രകാരമുള്ള കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ ഉത്തരവുകളിൽ ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ കെമിക്കൽ & മൈക്രോബയോളോജിക്കൽ ടെസ്റ്റുകൾ കുറഞ്ഞത് 6 മാസത്തിൽ ഒരിക്കൽ നടത്തുവാനും കൂടാതെ ഒരേ ഭക്ഷ്യ ഉൽപന്നത്തിന്റെ രണ്ടു നിർബന്ധിത പരിശോധനകൾ തമ്മിലുള്ള വ്യത്യാസം കുറഞ്ഞത് 3 മാസം ആയിരിക്കണമെന്നും നിർദ്ദേശിക്കുന്നു. കേന്ദ്ര ശിശു വികസന മന്ത്രാലയത്തിന്റെ പരാമർശം (2) പ്രകാരമുള്ള SNP Rules-2022(5.2)-ൽ ഭക്ഷ്യ ഉൽപന്നത്തിന്റെ ത്രൈമാസ ലാബ് പരിശോധന നിർബന്ധമായും നടത്തുന്നതിനു നിർദ്ദേശിച്ചിട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികളിലൂടെ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ത്രൈമാസ പരിശോധന നടത്തുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് നിർദ്ദേശം നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവാകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട് .

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് സംസ്ഥാനത്തെ അങ്കണവാടികളിലൂടെ വിതരണം ചെയ്യുന്ന

അമൃതം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ത്രൈമാസ പരിശോധന നടത്തുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് നിർദ്ദേശം നൽകുന്നതിനു അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sithara Vijayan
Date: 15-03-2026 11:12:01

സെക്ഷൻ ഓഫീസർ